LBRD-C4/58/2026-LBRD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - ജീവനക്കാര്യം-ട്രെയിനിങ് ഡയറക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.വൈശാഖ്.എസിന് അനുവദിച്ച ശൂന്യവേതനാവധിയിൽ ടിയാൾ ഉപയുക്തമാക്കാത്ത ശൂന്യവേതനാവധി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.542/2026/LBR തീയതി,തിരുവനന്തപുരം, 01-04-2026

---

പരാമർശം:-

1. സ.ഉ(സാധാ)നം.518/2024/തൊഴിൽ , തീയതി 18/04/2024
2. വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.വൈശാഖ്.എസ് സമർപ്പിച്ച അവധി അപേക്ഷ.
3. ട്രെയിനിംഗ് ഡയറക്ടറുടെ 25/11/2025 തീയതിയിലെ ഡി.ടി/5119/2025- എ7 നമ്പർ കത്ത്.

**ഉത്തരവ്**

വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.വൈശാഖ്.എസിന് പരാമർശം-1-ലെ ഉത്തരവ് പ്രകാരം പഠനാവശ്യത്തിനായി 25/09/2023 മുതൽ 31/07/2025 വരെ ശൂന്യവേതനാവധി അനുവദിച്ചിരുന്നു. എന്നാൽ ട്രെയിനിംഗ് പൂർത്തിയായതിനാൽ 24/06/2025-നു ടിയാനെ തിരികെ സേവനത്തിൽ പ്രവേശിപ്പിച്ചു. ടിയാൾ പ്രയോജനപ്പെടുത്താത്ത 24/06/2025 മുതൽ 31/07/2025 വരെയുള്ള ശൂന്യവേതനാവധി റദ്ദ് ചെയ്യുന്നതിനായി പരാമർശം-3ലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.വൈശാഖ്.എസിന് പരാമർശം-1ലെ ഉത്തരവ് പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയിൽ ടിയാൾ ഉപയുക്തമാക്കാത്ത 24/06/2025 മുതൽ 31/07/2025 വരെയുള്ള ശൂന്യവേതനാവധി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.വൈശാഖ്.എസ്, ഓഫീസ് അറ്റൻഡന്റ്, വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറേറ്റ് (ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (06/03/2026-ലെ 2735532/LBR-1/63/24-FIN നമ്പർ നോട്ട് പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്. ( ഗവൺമെന്റ് വെബ് സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Usha Rani L
Date: 02-04-2026 12:18:05
സെക്ഷൻ ഓഫീസർ